LIBRARY ARCHIVES Kerala Legislative Assembly

(16) കുന്നത്തൂർ താലൂക്കിലെ പടിഞ്ഞാറേ കല്ലട പഞ്ചായത്തിലെ വെട്ടിയതോട് പാലം പണി

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, 90 വർഷത്തിലേറെ പഴക്കമുള്ളതാണ് കുന്നത്തൂർ താലൂക്കിലെ പടിഞ്ഞാറെ കല്ലടയിലെ വെട്ടിയതോട് പാലം. അത് ഏതു സമയത്തും അപകടം സംഭവിക്കാവുന്ന സ്ഥിതിയിലാണ്. വാഹനഗതാഗതം നിർത്തിവയ്ക്കേണ്ടിവരുമെന്നാണ് പി.ഡബ്ല്യു.ഡി. അധികൃതർ അറിയിച്ചിരിക്കുന്നത്. നാട്ടുകാർ ആകെ ഭയാശങ്കയിലാണ്. അത്യന്തം ഗുരുതരമായ സ്ഥിതിവിശേഷമാണ് ഇപ്പോൾ നിലനിൽക്കുന്നത്. ഈ സ്ഥിതി മനസ്സിലാക്കികൊണ്ടുതന്നെ വളരെ അടിയന്തിരമായി പാലം പുതുക്കിപണിയുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ഞാൻ ഗവൺമെന്റിനോട് അഭ്യർത്ഥിക്കുകയാണ്.

മരാമത്ത് വകുപ്പുമന്ത്രി *(ശ്രീ. എം. കെ. മുനീർ)*: സർ, കുന്നത്തൂർ താലൂക്കിലെ വെട്ടിയതോട് പാലം നിർമ്മിക്കുന്നതിന് 144 ലക്ഷം രൂപയുടെ റഫ് കോസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. അടിയന്തിര നടപടികൾ പൂർത്തീകരിച്ച് പാലം പണി ആരംഭിക്കുന്നതിനുവേണ്ട നിർദ്ദേശം കൊടുത്തിട്ടുണ്ട്. എത്രയും പെട്ടെന്ന് പാലംപണി ആരംഭിക്കുന്നതിനുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമെന്ന് ഞാൻ അറിയിക്കുകയാണ്.

(17) സംസ്ഥാനത്ത് നടക്കുന്ന വ്യാജ ചികിൽസ തടയുന്നതിന് നടപടി

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ആരോഗ്യ മേഖലയിലും വിദ്യാഭ്യാസ മേഖലയിലും കേരളം മുന്നിലാണ്. പക്ഷേ, സംസ്ഥാനത്ത് വ്യാജ ഡോക്ടർമാരും വ്യാജ ചികിൽസയും, വ്യാജ ചികിൽസാ കേന്ദ്രങ്ങളും വർദ്ധിച്ചുവരികയാണ്. അങ്ങനെയുള്ള ഒരു അവസ്ഥ നമ്മുടെ സംസ്ഥാനത്ത് ഉണ്ടാകാനുള്ള പ്രധാന കാരണം ഇത്തരം വ്യാജൻമാരായിട്ടുള്ള ആളുകളേയും സ്ഥാപനങ്ങളേയും കണ്ടെത്തി നിയമത്തിന്റെ മുന്നിൽ കൊണ്ടുവന്ന് ശിക്ഷിക്കാൻപറ്റുന്ന വിധത്തിലുള്ള നിയമമില്ലാത്തതുകൊണ്ടാണ്. നിലവിലുള്ള നിയമം ഇതിന് പര്യാപ്തമല്ല എന്ന് നിരവധി തവണ ചൂണ്ടിക്കാണിക്കുകയും ചെയ്തിട്ടുണ്ട്. ഐ.എം.എ.യും അതുപോലെ ഹോമിയോ ഡോക്ടർമാരും, ആയുർവ്വേദ ഡോക്ടർമാരും, അവരുടെ സംഘടനകളുമൊക്കെ നിരന്തരമായി ആവശ്യപ്പെട്ടുവന്ന ഒരു ആവശ്യവുമാണ്. നേരത്തെ നമുക്ക് ട്രാവൻകൂർ മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്ട് ഉണ്ടായിരുന്നു. അത് കേരളത്തിന് ഒന്നാകെ ബാധകവുമല്ല. കേരളത്തിനൊന്നാകെ ബാധകമാകുന്ന ഒരു മെഡിക്കൽ നിയമം നമ്മുടെ സംസ്ഥാനത്ത് ഇല്ല. അതുകൊണ്ട് അടിയന്തിരമായി സമഗ്രമായ ഒരു മെഡിക്കൽ നിയമം സംസ്ഥാനത്ത് കൊണ്ടുവരാനുള്ള നടപടി സ്വീകരിക്കുമോ? കഴിഞ്ഞ തവണ ചോദ്യോത്തരവേളയിൽ ബഹുമാനപ്പെട്ട മന്ത്രി മറുപടി

പറഞ്ഞപ്പോൾ താമസിയാതെ ഇത് കൊണ്ടുവരും എന്നുള്ള നിലയിൽ മറുപടി പറഞ്ഞതാണ്. വളരെ പ്രാപ്തിയുള്ള, ശക്തനായിട്ടുള്ള ഒരു മന്ത്രി എന്ന നിലയിൽ അദ്ദേഹത്തിൽനിന്നും വ്യക്തമായ ഉത്തരം പ്രതീക്ഷിക്കുന്നു.

ആരോഗ്യവകുപ്പുമന്ത്രി *(ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ)*: സർ, കേരളത്തിൽ അലോപ്പതി, ഹോമിയോപ്പതി, ഭാരതീയ ചികിൽസാസമ്പ്രദായം തുടങ്ങിയ വിവിധ ചികിൽസാരീതികൾ കൈകാര്യംചെയ്യുന്ന ഡോക്ടർമാരുടെ രജിസ്ട്രേഷൻ സംബന്ധിച്ച് വ്യക്തമായ നിയമങ്ങളാണ് നിലവിലുള്ളത്. അലോപ്പതിയിൽ 1956-ലെ മെഡിക്കൽ കൗൺസിൽ നിയമം, ഹോമിയോപ്പതിയിൽ 1973-ലെ ഹോമിയോപ്പതിക് നിയമം, ഭാരതീയചികിത്സാ രീതിയിൽ 1974-ലെ ഇൻഡ്യൻ മെഡിസിൻ നിയമം എന്നിങ്ങനെ വിവിധ നിയമങ്ങളാണ് നിലവിലുള്ളത്. എന്നാൽ സംസ്ഥാനത്ത് മൊത്തമായി എല്ലാ ചികിൽസാസമ്പ്രദായങ്ങൾക്കും ബാധകമാകത്തക്കവണ്ണം ഒരു നിയമം ഉണ്ടാക്കുന്നതിന്റെ ഭാഗമായി 1996-ൽ ഒരു കരട് ബിൽ കേന്ദ്ര ഗവണ്മെന്റിലേക്ക് അയച്ചിരുന്നു. അംഗീകൃത യോഗ്യതയില്ലാതെ വ്യാജചികിൽസ നടത്തുന്നവർക്കെതിരെ നടപടിയെടുക്കുന്നതിനുള്ള വ്യവസ്ഥകൾ ആ ബില്ലിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. എന്നാൽ കേന്ദ്ര സർക്കാർ പ്രസ്തുത ബില്ലിലെ ചില ഖണ്ഡികകൾക്ക് മാറ്റം വരുത്തണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. 1970-ലെ ഇന്ത്യൻ മെഡിസിൻ സെൻട്രൽ കൗൺസിൽ നിയമപ്രകാരം അംഗീകൃത ബിരുദധാരികളല്ലാത്തവർക്ക് രജിസ്ട്രേഷൻ നൽകുവാൻ പാടില്ല എന്നുള്ള നിശ്ചിത വകുപ്പിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാന സർക്കാരിനോട് കരട് ബില്ലിൽ മാറ്റം വരുത്താൻ ആവശ്യപ്പെട്ടത്. എന്നാൽ സംസ്ഥാനത്ത് ചില പ്രശ്നങ്ങൾ ഉണ്ട്. വളരെ വർഷങ്ങളായി പാരമ്പര്യമായി ചികിൽസ നടത്തുന്ന ആയുർവ്വേദ മേഖലയിലെ വിദഗ്ദ്ധൻമാരായിട്ടുള്ള വൈദ്യൻമാരുണ്ട്. അതിനാൽ ഈ സംസ്ഥാനത്തിനുമാത്രം ബാധകമാകത്തക്ക രീതിയിൽ, നിശ്ചിത യോഗ്യത നേടിയിട്ടില്ലാത്ത പാരമ്പര്യ വൈദ്യൻമാരെ സംരക്ഷിക്കാൻ ഉദ്ദേശിച്ചുള്ള കരട് ബില്ലിലെ വ്യവസ്ഥകൾ നിലനിർത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നു എന്നും അതിന് ഭരണഘടനയുടെ 254(2) പ്രകാരമുള്ള പ്രസിഡന്റിന്റെ അനുമതി ലഭ്യമാക്കണമെന്നും അഭ്യർത്ഥിച്ചുകൊണ്ടുള്ള കത്തിടപാടുകൾ കേന്ദ്ര സർക്കാരുമായി നടത്തിവരുന്നു. പക്ഷേ, അതിലാണ് ചില്ലറ തർക്കങ്ങൾ ഉള്ളത്. അതായത് മിക്കവാറും എല്ലാ എം.എൽ.എ.-മാരും പറഞ്ഞതാണ്. പരമ്പരാഗത ചികിൽസ നടത്തിവരുന്ന പ്രഗൽഭരായ ഡോക്ടർമാർക്ക് നിശ്ചിത യോഗ്യത ഇല്ലെങ്കിലും അവർക്ക് ചികിൽസ തുടർന്ന് നടത്താനും മരുന്ന് ഉൽപ്പാദിപ്പിക്കുവാനും ആവശ്യമായിട്ടുള്ള വ്യവസ്ഥകൾ ബില്ലിൽ ഉണ്ടാകണമെന്ന് നിരവധി നിമയസഭാസാമാജികർ നടത്തിയ അഭ്യർത്ഥന മാനിച്ച് ചില വകുപ്പുകളിൽ ചില മാറ്റങ്ങൾ വരുത്തിയിട്ടാണ് കേന്ദ്ര സർക്കാരിന്റെ പരിഗണനയിൽ വിടുന്നത്. അതുകൊണ്ടാണ് ഇതിന് അംഗീകാരം കിട്ടാൻ താമസിക്കുന്നത്. അതിന്റെ നടപടികൾ തുടർന്നുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly